(സി) 1. വാർത്താ വിനിമയ സൗകര്യങ്ങൾക്കായി തേക്കടിയിൽ ഒരു വയർലെസ് സെറ്റു സ്ഥാപിച്ചു.

2. വനം വകുപ്പിലെ വാച്ചർമാർക്ക് രണ്ടു സെറ്റു യൂണിഫാറം അനുവദിച്ചിട്ടുണ്ട്.

3. ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫിനു ''ഫോറസ്റ്റ് സ്പെഷ്യൽ അലവൻസ്'' എന്നപേരിൽ ഒരു പ്രത്യേക അലവൻസ് അനുവദിച്ചിട്ടുണ്ട്.

4. സർവ്വീസിലിരിക്കെ കൊല്ലപ്പെടുന്ന ജീവനക്കാരുടെ അനന്തര അവകാശികൾക്ക് 15,000 രൂപ എക്സ്ഗ്രേഷ്യ അലവൻസായി നൽകാൻ ഉത്തരവായിട്ടുണ്ട്.

5. ഡെപ്യൂട്ടി റെയിഞ്ചർ, ഫോറസ്റ്റർ, ഗാർഡ്/വാച്ചർ എന്നീ വിഭാഗം ജീവനക്കാർക്ക് പ്രതിദിനം 9 രൂപ, 8 രൂപ, 7 രൂപ, എന്നീ ക്രമത്തിൽ ഡേ ഓഫ് അലവൻസ് അനുവദിച്ചിട്ടുണ്ട്.

6. പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ യൂണിഫാറം പരിഷ്കരിച്ചുകൊണ്ടും എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. അവരുടെ യൂണിഫാറം ടെറിക്കോട്ടൺ തുണിയിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്.

7. ഡെപ്യൂട്ടി റെയിഞ്ചർമാരുടെ യൂണിഫാറം അലവൻസ് 150 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

8. വനസംരക്ഷണ ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) 1. സർക്കാരിനുണ്ടാകുന്ന നഷ്ടം ജീവനക്കാരിൽനിന്നും ഈടാക്കുന്ന ഇന്നത്തെ സംവിധാനം അവസാനിപ്പിക്കണമെന്നുള്ള ആവശ്യം ജീവനക്കാരുടെ കുറ്റകരമായ കൃത്യവിലോപംമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം അവരിൽനിന്നും ഈടാക്കാതിരിക്കാൻ കഴിയില്ല എന്ന കാരണത്താലും അനാവശ്യമായ സസ്പെൻഷൻ നടപടി ഉപേക്ഷിക്കണമെന്ന ആവശ്യം, തക്കതായ കാരണം കൂടാതെ ആരെയും സസ്പെൻഡ് ചെയ്യാറില്ല എന്ന കാരണത്താലും നിരസിച്ചിട്ടുണ്ട്.

2. ഫോറസ്റ്റർമാർക്ക് ഗ്രേഡ് നിർണ്ണയിച്ചതിൽ അപാകതകൾ ഉള്ളതായി പരാതിപ്പെട്ടുകൊണ്ട് അവ പരിഹരിക്കണമെന്ന ആവശ്യം ഉണ്ടായി. ഈ ആവശ്യം പരിശോധനക്കുശേഷം ഗവൺമെന്റ് നിരസിച്ചു.

ചാലക്കുടി, വാഴച്ചാൽ ഡിവിഷനിൽപ്പെട്ട വനത്തിലെ ആനകളുടെ എണ്ണം

506 [913] ശ്രീ. കെ.ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിൽപ്പെട്ട വനത്തിൽ ഇപ്പോഴും എത്ര ആന ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്നു പറയാമോ;

(ബി) ഈ കാട്ടിൽ ആനകളുടെ എണ്ണം കൂടുകയാണോ കുറയുകയാണോ എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ആനകളിൽ പിടിയാന എത്ര;

(ഡി) 1985–86 സാമ്പത്തിക വർഷത്തിൽ എത്ര ആനയെ അനധികൃതമായി വെടിവെച്ചിട്ടുണ്ട് എന്നു പറയാമോ?

ഉത്തരം

(എ) 1983–ലെ സെൻസസ് പ്രകാരം ചാലക്കുടി, വാഴച്ചാൽ എന്നീ വന ഡിവിഷനുകളിൽ 109 കാട്ടാനകളുണ്ടായിരുന്നു.

(ബി) 1983–ലെ സെൻസസിനുശേഷം 1987–ൽ മാത്രമേ അടുത്ത സെൻസസ് നടത്തുകയുള്ളു. അതിനു ശേഷമേ ആനകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തതായി കണക്കാക്കാൻ സാധിക്കുകയുള്ളു.

(സി) 1983–ലെ സെൻസസ് പ്രകാരമുള്ള 109 ആനകളിൽ 70 എണ്ണം പിടിയാനകളാണ്.

(ഡി) 1985–86 സാമ്പത്തിക വർഷത്തിൽ ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ ആനയെ വെടിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേട്

507 [914] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടുകളുടെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തു നടപടി;

(സി) സാമൂഹ്യ വനവൽക്കരണ പരിപാടിയിലെ ക്രമക്കേടുകളുടെ പേരിൽ നടപടി സ്വീകരിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള ചാർജ്ജ് ഷീറ്റ് എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽ പ്രവേശിപ്പിച്ചത് ഏതു സാഹചര്യത്തിലാണ്?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി, സി) 21 ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി എടുക്കുകയും 12 പേരെ സസ്പെൻറു ചെയ്തിട്ടുമുണ്ടായിരുന്നു. അവർക്ക് ചാർജ്ജ്ഷീറ്റ് നൽകുന്നതിനുള്ള നടപടികളും എടുത്തു കൊണ്ടിരിക്കുന്നു. കുറ്റകൃത്യങ്ങളുടെ പൊതു സ്വഭാവം താഴെ കൊടുക്കുന്നു:—

1. 1983–ലെ വരൾച്ച ദുരിതാശ്വാസ നടപടികളുടെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടിയിൻകീഴിൽ ഇടുക്കി ജില്ലയിൽ ട്രെഞ്ചും മൗണ്ടും പ്ലാൻറിംഗ് പരിപാടി മുഖേന സ്വകാര്യ വ്യക്തികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly